I/13846/2023

**ഭരണഭാഷ-മാതൃഭാഷ**

പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കണ്ടറി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

**സി.ജി. & എ.സി-1/1131/2023/HSE** **തീയതി :02-03-2023**

# സർക്കുലർ

വിഷയം - വീ ഹെൽപ്പ്- സ്കൂൾതല പ്രവർത്തനങ്ങൾ - സംബന്ധിച്ച്

ഹയർസെക്കണ്ടറി പരീക്ഷയോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ആവശ്യമായ മാനസിക പിന്തുണ നൽകുന്നതിന് കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസലിംഗ് സെൽ വീ ഹെൽപ്പ് എന്ന പേരിൽ സഹായകേന്ദ്രം **2023 മാർച്ച് 3 മുതൽ** ആരംഭിക്കുന്നതാണ്. പരീക്ഷ അവസാനിക്കുന്നത് വരെ ഈ സൗകര്യം ലഭ്യമാണ്. **രാവിലെ 7 മണി മുതൽ രാത്രി 7 മണിവരെ** ഈ സൗകര്യം ലഭ്യമായിരിക്കും. സംസ്ഥാനമൊട്ടാകെയുള്ള വിദ്യാർത്ഥികൾക്ക് സഹായം നൽകുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് ഹയർസെക്കണ്ടറി വിഭാഗത്തിൽ ടോൾ ഫ്രീ സംവിധാനത്തിലുള്ള ഫോൺ സംവിധാനം ടെലികൗൺസലിംഗിനായി ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്ക് സൗജന്യമായി 18004252844 എന്ന നമ്പരിൽ വിളിക്കാവുന്നതാണ്.

കുട്ടികളുടെ പരീക്ഷാ സംബന്ധമായ സമ്മർദ്ദങ്ങൾ ലഘൂകരിക്കുന്നതിനായി കരിയർ ഗൈഡുകളും സൗഹൃദ കോ-ഓർഡിനേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സമ്മർദ്ദങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് ആവശ്യമായ കൗൺസലിംഗ് നടത്തുന്നതിന് കരിയർഗൈഡുകളും സൗഹൃദ കോ -ഓർഡിനേറ്റർമാരും മുൻകൈ എടുക്കേണ്ടതാണ്. കുട്ടികൾക്ക് ഏത് അവസരത്തിലും ഈ അദ്ധ്യാപകരെ ഫോൺ മുഖേന ബന്ധപ്പെടുന്നതിനായി സ്കൂളുകളിൽ കരിയർ ഗൈഡുകളും സൗഹൃദ കോ-ഓർഡിനേറ്റർമാരും ഫോൺ നമ്പരുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

**പരീക്ഷാ സ്ക്വാഡുകൾ സ്കൂളുകൾ സന്ദർശിക്കുമ്പോൾ വീ ഹെൽപ്പ് സംബന്ധിച്ച നോട്ടീസുകൾ സ്കൂളുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.**

DIRECTOR

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**